ധർമാനുഷ്ഠാനവും യശസ്സംരക്ഷണവും

വി. വി. ഗോവിന്ദൻനായർ



ധർമാനുഷ്ഠാനവും യശസ്സംരക്ഷണവും

വി. വി. ഗോവിന്ദൻനായർ
(മലയാളം: ലേഖനം)

© 2026, V. V. Govindannair

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A scene from the Ramayana: Sīta undergoing the ordeal by fire watched by Rāma, Lakṣmaṇa and Hanuman, a painting by Unknown author. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ധർമാനുഷ്ഠാനവും യശസ്സംരക്ഷണവും

"കീർത്തി. അഥവാ യശസ്സ് ഇച്ഛിക്കുന്നള്ളത് സ്വാർഥലാഭേച്ഛയല്ല... അപരന്മാർക്ക് മാതൃകയാകത്തക്കവണ്ണം കർമങ്ങൾ ആചരിക്കുന്നവരാണ് 'ശ്രേഷ്ഠർ'. അപരർക്ക് മാതൃകയാകാൻവേണ്ടി സ്വാർഥങ്ങൾ പരിത്യജിക്കൽകൂടി ശ്രേഷ്ഠരുടെ കർത്തവ്യങ്ങളിലുൾപ്പെടും. ശ്രീരാമന്റെ രാജ്യപരിത്യാഗവും പത്നീപരിത്യാഗവും 'യഥാ രാജാ തഥാ പ്രജാ' എന്ന തത്ത്വബോധത്തിന്റെ പ്രതിഫലനമായിത്തന്നെ. രാജപത്നിയുടെ ചാരിത്രശുദ്ധിയിൽ പ്രജകൾ സംശയിക്കുന്ന അവസ്ഥയിൽ രാമന് സ്വാർഥത്യാഗവും കാമത്യാഗവുമായിത്തന്നെ പ്രജകൾക്ക് സംശയനിവൃത്തിയുണ്ടാവും വരെ പത്നിയെ അകറ്റുക എന്നല്ല. രാജാവിന് വിശ്വാസമുണ്ടായിരുന്നാൽ മാത്രം പോരാ, അങ്ങനെയാണെന്ന് പ്രജകൾക്ക് വിശ്വാസമുണ്ടാവണം എന്നതാണ് അന്നത്തെ വിഷണം... എന്തു രാജാവിനും യശസ്സ് പ്രജകൾക്ക് മാതൃകയാവുംവിധമുള്ള ധർമാനുഷ്ഠാനമാണ്. ഇന്നത്തെപ്പോലെയുള്ള 'പേരെടുക്കലല്ല' അത്."

ഭഗവദ്ഗീത രണ്ടാമധ്യായം 34-ാം ശ്ലോകത്തിന്ന് ഡോ. എം. ലീലാവതി നൽകുന്ന വ്യാഖ്യാനത്തിൽ നിന്നാണ് ഈ വാക്യങ്ങൾ. ശ്ലോകവും വ്യാഖ്യാതാവിന്റെ പരിഭാഷയും താഴെ കൊടുക്കുന്നു.

> അകീർത്തിം ചാപി ഭൂതാനി
> കഥയിഷ്യന്തി തേഽവ്യയാം
> സംഭാവിതസ്യ ചാകീർത്തിർ-
> മരണാദതിരിച്യതേ.

(മാത്രമല്ല, നിന്നെപ്പറ്റി തീരാത്ത അകീർത്തിയാണ് ആളുകൾ പറഞ്ഞുപരത്തുക. സത്കീർത്തി ഉണ്ടാക്കിയെടുത്ത ഒരു വ്യക്തിക്ക് ദുഷ്കീർത്തി മരണത്തിനും മേലെയാണ്.)

തുടർന്ന് 63-ാം ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ, രാമന്റെ പത്നീത്യാഗം ധർമത്യാഗമാണെന്ന കാണുന്നവരെ (അതിൽ ആദ്യത്തെ ആൾ ലക്ഷ്മണനാണെന്ന് വഴിയേ കാണാം) ഇങ്ങിനെ അധിക്ഷേപിക്കുകയും ചെയ്യുന്നു: "രാമന്റെ ആ ചെയ്തിയെ അവിവേകികൾ ധർമത്യാഗമെന്ന് ഇകഴ്ത്തുന്നു. യശഃകാമമോഹിതനെന്ന് വിശേഷിപ്പിക്കുന്നു. ഒരു സാധാരണന്റെ കർത്തവ്യത്തിനും പ്രജകൾക്ക് മാതൃകയാകാൻ നിർദിഷ്ടനായ രാജാവിന്റെ കർത്തവ്യത്തിനും തമ്മിലുള്ള വ്യത്യാസത്തെ വിസ്മരിക്കുന്നു."

ഗീത രണ്ടാമധ്യായം 31–37 ശ്ലോകങ്ങൾ പ്രക്ഷിപ്തമാണെന്ന് ഞാൻ 'ഗീതാ ധ്യാനം' എന്ന വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. ഖുശക്കത്തിൽ: യുദ്ധം ചെയ്യു മരിച്ചാൽ സ്വർഗം, ജയിച്ചാൽ ഭൂമി, ചെയ്യാഞ്ഞാൽ അകീർത്തി; അതുകൊണ്ട് യുദ്ധം ചെയ്യു എന്നാണ് ഇവിടത്തെ ഉപദേശം. ഫലാസക്തിയില്ലാതെ. ജയാജയങ്ങളില്ലം ലാഭാലാഭങ്ങളില്ലം മാനാപമാനങ്ങളില്ലം നിന്നാസ്തമിക്കുകയാൽ ഗീതയിൽ സിദ്ധസിദ്ധികളില്ലം സമചിത്തനായി, ലോകസംഗ്രഹം മാത്രം മുൻനിർത്തി, കർമം ചെയ്യു എന്ന ഗീതോപദേശത്തിന് വിരുദ്ധമാണിത്. ശോകമോഹങ്ങൾ നീക്കാനുള്ള ലൌകികന്യായമാണ് ഇവിടെ പറയുന്നതെന്നും അല്ലാതെ താത്പര്യം കൊണ്ടല്ലെന്നും ശങ്കരാചാര്യരും പറയുന്നണ്ട്. ലൌകികന്യായം എന്ന സമാധാനം ദുർബലമാണ്. ഒന്നാമത്, തനിയ്ക്കൊന്നു നേട്ടവുമില്ലാത്ത ഒരു കാര്യമാണല്ലൊ താൻ ചെയ്യാൻ പോകുന്നത് എന്നായിത്തന്നില്ല ആപേക്ഷിക്കുന്നു. ഇന്നിയെങ്കിലും ഇതിൽനിന്ന് വന്നുകൂടുന്നത്? 'നമുക്കും ഭാര്യമാരെ പൊറുക്കേണ്ടിവരും' എന്ന് പുരുഷപ്രജകൾക്ക് പരാതിപ്പെടാമെങ്കിൽ, ആപത്തിൽപ്പെട്ടാൽ നമുക്കും സീതയുടെ ദുർഗതിതന്നെ എന്ന് സ്ത്രീകൾക്കും പരാതിപ്പെടുകേട്? പുരുഷന്മാരെയല്ലാതെ സ്ത്രീകളെ പ്രജകളായിക്കാണാൻ മനസ്സില്ലാത്തവരാണ് പ്രജാഹിതവാദികളെന്ന് സ്വപ്നം. പോരാ, രാമനും അത്തരക്കാരനാണെന്ന് വരത്തൊൻ അവർ, രാമൻ സ്വയം പറയുന്ന അപവാദഭീതിയെന്ന കാരണം മറച്ചുവെച്ച്, പ്രജാഹിതപാലനമെന്ന സ്വയം സൃഷ്ടമായ കാരണം പ്രചരിപ്പിക്കുകയും ചെയ്യുന്നു. അതിനുവേണ്ടി രാമനെ അസത്യവാദിയുമാക്കുന്നു!

സീതയുമാതുമല്ല തനിയ്ക്കും വേദനാജനകമായ ഇക്കാര്യം ചെയ്യും മുൻപ് യുദ്ധസ്ഥലത്തെ ബാധിച്ചിരുന്നതുമാണ്. ലങ്കയിൽവെച്ച് ആത്മഹത്യ ചെയ്യാൻ തീയിൽച്ചാടിയ സീതയെ തടുക്കാഞ്ഞതെന്തെന്ന ചോദ്യത്തിന് ഹനുമാൻ പറഞ്ഞു: "ബാലിശേ ബതകാ മാത്രാ രാമോ ദശരഥാത്മജഃ ഇതി വക്ഷ്യതി മാം ലോകോ ജാനകീമവിശേധ്യഹി" (സീതയെ പരിഭ്രമിപ്പിക്കുന്ന, മൂഢനായ കാമാത്മാവാണ് ദശരഥപുത്രനായ രാമനെന്ന് ആളുകൾ പറയും) എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. രാജാവെന്ന നിലയ്ക്കല്ല ഒരു പുരുഷനെന്ന നിലയ്ക്കുള്ള അപവാദമാണ് അദ്ദേഹം ഭയപ്പെട്ടത്. അന്ന് സീത ശ്രദ്ധാ തെളിയിച്ചിട്ടും ആപവാദം തലപൊക്കി എന്നറിഞ്ഞപ്പോൾ 'ഇനിയുമിവളെ വെച്ചുകൊണ്ടിരുന്നതുകൂടാ' എന്ന് അദ്ദേഹം തിരുമാനിച്ചത് സ്വാഭാവികം മാത്രം. രാജപദവിയുമായി അതിന് ഒരു ബന്ധവുമില്ല.

"രാജാവിന് വിശ്വാസമുണ്ടായിരുന്നാൽമാത്രം പോരാ, അങ്ങനെയാണെന്ന് പ്രജകൾക്ക് വിശ്വാസമുണ്ടാവണം എന്നാണ് അന്നത്തെ വിഷണം." എന്നതിന് രാമായണത്തിൽ ഒരു സൂചനപോലുമില്ല. ഇള്ള് നേരാണെങ്കിൽ, തന്റെ തീരുമാനത്തിന്ന് എതിര് പറഞ്ഞുപോകരുതെന്ന് രാമൻ അനുജന്മാരെ താക്കീള് ചെയ്യമോ? ഒരേ പിതാവിന് പിറന്ന ഒരേ ആചാര്യൻമാരിൽനിന്ന് വിദ്യയാർജിച്ച അവർക്ക് തന്നോളം രാജധർമപരിജ്ഞാനമുണ്ടാവില്ലെന്ന് അദ്ദേഹത്തിന് തോന്നമോ? അദ്ദേഹം എതിർപ്പ് പ്രതിക്ഷിച്ചു. എന്താണ് ആ എതിർപ്പ്?

ലോകനിന്ദിതമായ ഒരു കാര്യത്തിലാണ് ജ്യേഷ്ഠൻ തന്നെ നിയോഗിച്ചത് എന്നാണ് ലക്ഷ്മണൻ സീതയോട് പറഞ്ഞത്: (നചാഹ്യനിന്ദിതേ ശോകം കുർവേ നിയോജ്യോ ലോകനിന്ദിതേ) സുമിത്രനോട് പറഞ്ഞതാകട്ടെ, പൌരൻമാരുടെ നിരർഥകമായ വാക്കുകേട്ട് സീതയെ നാട്ടുകടത്തിയല്ലോ ആര്യാ! ലൌകികന്യായം എന്ന സമാധാനം ദുർബലമാണ്. ഒന്നാമത്, തനിയ്ക്കൊന്നു നേട്ടവുമില്ലാത്ത ഒരു കാര്യമാണല്ലൊ താൻ ചെയ്യാൻ പോകുന്നത് എന്നായിത്തന്നില്ല. രണ്ടാമത്, സ്വജനങ്ങളെ കൊന്നിട്ട് തനിയ്ക്ക് ജയമോ രാജ്യമോ സ്വർഗമോ ത്രൈലോക്യംപോലുമോ വേണ്ട, അതിലും ഭേദം പിച്ചതെണ്ടുകയാണ് എന്ന് അർജുനൻ നേരത്തേ പറഞ്ഞുകഴിഞ്ഞുമുണ്ട്.

"ലോകസംഗ്രഹമേവാപി സംപശ്യൻ കർതുമർഹസി" എന്നാണ് ഗീത അനശാസിക്കുന്നള്ള്. അതനസരിച്ച്, കർമം ലോകസംഗ്രഹകാരിയോ ലോകനിഗ്രഹകാരിയോ എന്നുതുമാത്രമാണ് ധർമാധർമനിർണയത്തിൽ പരിഗണനീയം; കീർത്തികരമോ അകീർത്തികരമോ എന്ന ചിന്തയല്ല പ്രസക്തിയല്ല. അമ്മകൈണ്ടുതന്നെ, കീർത്തി എന്ന പദത്തിന്റെ അർഥവിചാരവും അപ്രസക്തമാണ്. അധർമം ചെയ്യുന്നല്ല കാമം കാരണമാണെന്നാണ് ഗീത പഠിപ്പിക്കുന്നള്ള്. യശഃകാമം ഇതിന്ന് അപവാദമല്ല. അന്യന്റെ കാര്യം കട്ടെടുത്തള്ള് കീർത്തിമുദ്രകൾ കൈക്കലാക്കാൻ ഒരു കവി യശഃപ്രാർഥിയ്ക്ക് കഴിഞ്ഞേക്കാം. അമ്മകൊണ്ട് അള്ള് അധർമമല്ലാതാവുന്നില്ല.

കാമകൈയിതാവായ ഭോഗകൊതിയോടെ ലോഭംകൊണ്ടോ ജീവന്നവേണ്ടിപ്പോലുമോ, ആരും ധർമം വെടിയരുതെന്നാണ് ഭാരതസാരമായി വ്യാസൻ ഗ്രന്ഥാവസാനം പറയുന്നള്ള്. "ന തത് പരസ്യസന്ധ്യുത്വ് പ്രതികൂലം യദാത്മനഃ" (തനിയ്ക്ക് അഹിതമായള്ള് മറ്റാരോടും കാണിക്കരുതള്ള്) എന്ന നിർവചനമനസരിച്ച് ഈ ധർമം അഹിംസയല്ലാതെ മറ്റൊന്നമല്ല. അതേ സമയം "സർവധർമാൻ പരിത്യജ്യ മാമേകം ശരണം വ്രജ" (എല്ലാ ധർമങ്ങളും വെടിഞ്ഞള്ള് ഏകനായ എന്നെ ശരണം പ്രാപിള്ള) എന്ന് ഗീതോപദേശവസാനം ഭഗവാനം പറയുന്നു. അനുദ്ദേയമായ ധർമങ്ങൾ പരിത്യജ്യമാവുന്നള്ള് അവ അഹിംസാവിരുദ്ധമാവുമ്പോൾമാത്രമാണെന്ന് സൂചിപ്പിക്കുകയാണ് ഇവിടെ ഭഗവാൻ. മറ്റെല്ലാം ആപേക്ഷികവും പരിത്യാജ്യവും.

ആപേക്ഷികധർമങ്ങളിൽ വ്യക്തിധർമങ്ങളുമുണ്ട്. സമൂഹധർമങ്ങളുമുണ്ട്. ഇവ തമ്മിലിടയുമ്പോൾ വ്യക്തിയെക്കാൾ വലുതാണ് സമൂഹധർമം എന്നുമുണ്ട്. ഭരതനെക്കാൾ സമൂഹധർമം കൈകൊള്ളും; മറിച്ച് കരുതുന്നവർ മറിച്ചും.

രാമന്റെ വനവാസം ക്ഷത്രധർമവിരുദ്ധമാണെന്ന ഭരതനും (ഈശ്വരം വ്യാഹരതം കർമ ന ഭവാൻ കർതുമർഹതി) കലധർമവിരുദ്ധമാണെന്ന് വസിഷ്ഠനും (സ രാഘവാണാം കലധർമമാത്മനഃ സനാതനം നാഹ്യവിമൃശ്യമാണമെന്നെന്ന്) പറയുന്നണ്ട്. (വ്യാഹരതം-വിഹന്യം എന്നീ രണ്ടു പദങ്ങളും ഹനനസൂചകമാണെന്ന് ശ്രദ്ധിക്കുക) രാമൻ അള്ള് നിഷേധിയ്ക്കുന്നില്ല. എന്നിട്ടും വനവാസത്തിൽ ഉറച്ചനില്ക്കാൻ കാരണമായിപ്പറയുന്നള്ള് പുത്രധർമമാണ്. അച്ഛന്റെ വാക്ക് സത്യമാക്കാനാണ് താൻ രാജ്യം വെടിഞ്ഞതെന്നും അമ്മയോടല്ല ഭരതനും അദ്ദേഹത്തെ സത്യവാദിയാക്കാൻ അഭിഷേകം കൈക്കൊള്ളുകയാണ് വേണ്ടള്ള് എന്നും മറ്റും, (ഭവാനപി തഥൈത്യേവ പിതരം സത്യവാദിനം കർത്തുമർഹതി രാജേന്ദ്ര ക്ഷിപ്രമേവാഭിഷേചനാത് ഇത്യാദി) അർഥാൽ, ക്ഷത്രകലധർമങ്ങൾ വെടിഞ്ഞള്ള് പുത്രധർമം കൈക്കൊള്ളുകയാണ് അദ്ദേഹം ചെയ്തള്ള്. ഇതിനെ മാതൃകയായിക്കാണുന്നവർ സമൂഹധർമത്തെക്കാൾ വലുതാണ് വ്യക്തിധർമം എന്ന് കരുതുന്നവരാണം.

രാമന്റെ പത്നീത്യാഗത്തെ ധർമാനുഷ്ഠാനമായി വാഴ്ത്തുവർ പറയുന്നള്ള്. പ്രജാഹിതപാലനമെന്ന രാജധർമമാണ് അദ്ദേഹം അനുഷ്ഠിച്ചള്ള് എന്നാണ്. ഇള്ള് വിശ്വസിയ്ക്കാമെങ്കിൽ, ഭർതൃധർമം വെടിഞ്ഞള്ള് രാജധർമം കൈക്കൊള്ളുകയാണ് അദ്ദേഹം ചെയ്തള്ള്. ഇതിനെ മാതൃകയായിക്കാണുന്നവർ വ്യക്തിധർമത്തെക്കാൾ വലുതാണ് സമൂഹധർമം എന്ന് കരുതുന്നവരാണം.

ഇള്ള രണ്ടും മാതൃകയായിക്കാണുന്നവർ സ്വന്തമായി ഒരു നിലപാടും ഇല്ലാത്തവരുമാവണം.

എന്നാൽ, രാമൻതന്നെ രണ്ടു സന്ദർഭങ്ങളിൽ രണ്ടു വ്യത്യസ്തനിലപാടുകളെടുക്കുകയാണോ ചെയ്തള്ള്? അതറിയാൻ, രണ്ട് ത്യാഗങ്ങൾക്കും പ്രേരകമെന്ന് നാമിയണം.

രാമന്റെ വനവാസം പുത്രധർമമല്ലെന്ന് ഭരതൻ വാദിക്കുന്നള്ള്. ദശരഥൻ മോഹാധീനനായി ചെയ്യപോയ അധർമമാണ് കൈകേയിയോടുള്ള വാഗ്ദാനം, അച്ഛന്റെ തെറ്റ് തിരുത്തുകയാണ് പുത്രനായാൽ വേണള്ള് എന്നും മറ്റും (സാധ്വർഥമിദാനീം സ്വയ ക്രോധാന്മോഹാച്ച സാഹസാത് താതസ്യ യദതിക്രാന്തം പ്രത്യാഹരതു തദ് ഭവാൻ പിതുർഹി സമതിക്രാന്തം പുത്രോയസ്യാധ്യ മന്യതേ തദപത്യം മതം ലോകേ വിപരീതമതോന്യഥാ.) ഭരതൻ ഇള്ള പറയും മുൻപേ രാമൻ ലക്ഷ്മണനോടും പറഞ്ഞു, അച്ഛൻ കാമം കാരണം ചെയ്തു അധർമമാണതെന്ന്. (അർഥ ധർമൌ പരിത്യജ്യ യഃ കാമമനുവർതതി പിതുരാജ്ഞാവൃതേ ക്ഷിപ്രം രാജാ ദശരഥോ യഥാ) എന്നാൽ, പിതാവിന്റെ തെറ്റ് തിരുത്തുകയാണ് പുത്രധർമം എന്ന ഭരതമതത്തെ അദ്ദേഹം വാക്കുകൊണ്ന് നിഷേധിച്ചിള്ളെങ്കിലും പ്രവൃത്തികൊണ്ന് നിഷേധിച്ചു. ഭരതനാകട്ടെ, പറഞ്ഞപോലെ പ്രവർത്തിച്ചു. അഭിഷേകനിരാസംവഴി പിതാവിനെ തിരുത്താൻ ശ്രമിച്ചു ഈ പുത്രനെയാണ്, "താങ്കളെപ്പോലെ ധർമജ്ഞനും ധർമ വത്സലനുമായ പുത്രനെ കിട്ടിയതുകൊണ്ന് ദശരഥൻ കടമൊടുങ്ങിയവനായി" എന്ന് ഭരദ്വാജമുനി അഭിനന്ദിച്ചള്ള്. (അനുജനസ്യ മഹാബാഹഃ പിതാരശരഥസ്യ യസ്യത്വമീ ദൃശഃ പുത്രോ ധർമജ്ഞോ ധർമവത്സലഃ) ഇവിടെ, രാമൻ ചെയ്തതാണ് പുത്രധർമമെന്ന പറയുന്നവരുടെ കണ്ണിൽ, ഭരതൻ ചെയ്തള്ള് പുത്രധർമലംഘനവും ഭരദ്വാജന്റെ പ്രശംസ അസ്ഥാനസ്തവമാവും.

"രാജ്യം വെടിഞ്ഞപ്പോൾ അങ്ങ് ധർമത്തിന്റെ വേരറുത്തുകളഞ്ഞു." (ധർമ മൂലം ത്വയാച്ഛിന്നം രാജ്യമേതസ്യ ജനാ തദാ) എന്ന് ലക്ഷ്മണനം രാമനോട് മറ്റൊരിക്കൽ പറയുന്നണ്ട്. എന്താവാം രാമനെ അതിലെയ്ള്ള് നയിച്ചത്?

□

വി. വി. ഗോവിന്ദൻനായർ



ജനനം: 1942, അച്ഛൻ: വി. ഗോവിന്ദൻ നായർ, അമ്മ: വി. വി. നാരായണി, കൊൽക്കത്തയിലെ രാമകൃഷ്ണ മിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിൽ നിന്ന് സംസ്കൃതത്തിലും ബംഗാളിയിലും ഡിപ്ലോമ.

കൃതികൾ: ഗുരുദക്ഷിണ, സീതാകാവ്യചർച്ച, മാരാരുടെ കൂടെ, സാഹിതീ സപര്യ, ധർമജിജ്ഞാസ (പഠനങ്ങൾ), ഗീതാധ്യാനം (വ്യാഖ്യാനം), ഒരമ്മ പെറ്റ മക്കൾ (ബാല സാഹിത്യം).

പരിഭാഷ: പൂർണകുംഭം, അപരാജിതൻ, പഥേർ പാഞ്ചാലി (ബംഗാളിയിൽനിന്ന്).

പത്നി: ഉമാ നായർ, മക്കൾ: കൃഷ്ണപ്രസാദ്, അഭിജിത്ത്.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>